# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കഴിഞ്ഞ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് മൂന്ന് വർഷത്തെ പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതി ആവിഷ്കരിച്ചതായി ധനമന്ത്രാലയം.

   **Department of Economic Affairs has created a three-year Public Private Partnership (PPP) project pipeline in view of the implementation of the announcement made in the Union Budget 2025-26.**

2. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ലക്സംബർഗ് പ്രധാനമന്ത്രി ലൂക്ക് ഫ്രീഡനുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യൻ സമൂഹവുമായി ഇന്ന് സംവദിക്കും.

   **Foreign Affairs Minister S. Jaishankar met Luxembourg Prime Minister Luc Frieden. He will interact with the Indian community today.**

3. എസ് ഐ ആറിൻറെ ഭാഗമായി ഉത്തർപ്രദേശിൽ പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ നിന്ന് ഏകദേശം രണ്ട് കോടി 89 ലക്ഷം സമ്മതിദായകരെ ഒഴിവാക്കി. കേരളത്തിൽ കരട് പട്ടികയിൻമേലുള്ള പരാതികൾ ഈ മാസം 22 വരെ സമർപ്പിക്കാം.

   **Around two crore eighty nine lakh voters excluded in draft electoral roll in Uttar Pradesh after Special Intensive Revision. Complaints regarding the draft list in Kerala can be submitted until the 22nd of this month.**

4. 32-ാമത് സ്വദേശി സയൻസ് കോൺഗ്രസിന് ഇന്ന് കാസർഗോഡ് തുടക്കമാകും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും.

   **The 32nd Swadeshi Science Congress will begin today in Kasaragod. Governor Rajendra Vishwanath Arlekar will inaugurate the event.**

5. **കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോൽസവത്തിന്റെ നാലാം പതിപ്പിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിക്കും.**

**The fourth edition of the Kerala Legislative Assembly International Book Festival begins today in Thiruvananthapuram. The Chief Minister will inaugurate the event.**

6. **അണ്ടർ - 19 ബ്രിട്ടീഷ് ജൂനിയർ ഓപ്പൺ സ്ക്വാഷിൽ ഇന്ത്യയുടെ അനാഹട്ട് സിങ് ഫൈനലിൽ.**

**And, in Squash, Anahat Singh enters maiden Women's Under-19 final at British Junior Open in Birmingham.**

***************************

## MORN. FINANCE-PPP PIPELINE

കഴിഞ്ഞ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനായി സാമ്പത്തിക കാര്യ വകുപ്പ് മൂന്ന് വർഷത്തെ പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതി ആവിഷ്കരിച്ചതായി ധനമന്ത്രാലയം . കേന്ദ്ര അടിസ്ഥാന സൗകര്യ മന്ത്രാലയങ്ങൾ, സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയിലായി 852 പദ്ധതികളാണ് ഉൾപ്പെടുന്നത്. 17 ലക്ഷം കോടിയിലധികം രൂപയാണ് പദ്ധതി ചെലവ്.

***************************

## JAISHANKAR - LUXEMBOURG (INTRO)

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ലക്സംബർഗ് പ്രധാനമന്ത്രി ലൂക്ക് ഫ്രീഡനുമായി കൂടിക്കാഴ്ച നടത്തി. ഫിൻടെക്, ബഹിരാകാശം, നിർമിതബുദ്ധി തുടങ്ങിയ മേഖലകളിൽ ശക്തമായ ഉഭയകക്ഷി സഹകരണത്തിനു സാധ്യതയുള്ള രാജ്യങ്ങളാണ് ഇന്ത്യയും ലക്സംബർഗുമെന്ന് വിദേശകാര്യ മന്ത്രി പറഞ്ഞു.

(വോയിസ്....)

ലക്സംബർഗ് ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ സേവ്യർ ബെറ്റലുമായി ചർച്ച നടത്തിയ ശ്രീ ജയ്ശങ്കർ ഗ്രാൻഡ് ഡ്യൂക്ക് ഗില്ലൂമിനെയും സന്ദർശിച്ചു. ഇന്ന് ലക്സംബർഗിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും.

***************************

## REV PRADHAN – CLASSICAL LANGUAGE

രാജ്യത്തെ അഞ്ച് ക്ലാസിക്കൽ ഭാഷകളിലുള്ള അപൂർവവും വിലപ്പെട്ടതുമായ 55 സാഹിത്യ കൃതികൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പുറത്തിറക്കി. തമിഴ്, തെലുങ്ക്, മലയാളം, കന്നഡ, ഒഡിയ ഭാഷകളിൽ ഉള്ളതാണ് കൃതികൾ . കേന്ദ്ര ഭാഷാ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ആണ് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. രാജ്യത്തെ പ്രാദേശിക ഭാഷകളെ ശക്തിപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ വിപുലമായി പ്രവർത്തിച്ചിട്ടുണ്ടെന്ന് ശ്രീ ധർമ്മേന്ദ്ര പ്രധാൻ പറഞ്ഞു.

**************************

## UP SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായ കരട് വോട്ടർ പട്ടിക ഉത്തർ പ്രദേശിൽ പ്രസിദ്ധീകരിച്ചു. 12 കോടി 55 ലക്ഷത്തി 56,025 വോട്ടർമാരാണ് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഏകദേശം രണ്ട് കോടി 89 ലക്ഷം സമ്മതിദായകരെ ഒഴിവാക്കിയിട്ടുണ്ട്. അടുത്ത മാസം ആറ് വരെ പട്ടിക സംബന്ധിച്ച പരാതികളും ഉന്നയിക്കാം. അന്തിമ വോട്ടർ പട്ടിക മാർച്ച് ആറിന് പ്രസിദ്ധീകരിക്കും.

**************************

## VAISHNAW – AI IMPACT SUMMIT (INTRO)

ആഗോള AI ഇംപാക്ട് ഉച്ചകോടി അടുത്ത മാസം ഇന്ത്യയിൽ നടക്കുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. രാജസ്ഥാൻ റീജിയണൽ AI ഇംപാക്ട് ഉച്ചകോടിയെ വെർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അടുത്ത വർഷത്തിനുള്ളിൽ പത്ത് ലക്ഷം യുവാക്കൾക്കും ചെറുകിട സംരംഭകർക്കും നിർമ്മിത ബുദ്ധി പരിശീലനം ലഭിക്കുമെന്നും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

(വോയിസ്)

**************************

## L MURUGAN

ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ധാർമ്മിക മൂല്യം ഉയർത്തി പിടിക്കണമെന്ന് കേന്ദ്ര വാർത്താ വിനിമയ പ്രക്ഷേപണ

സഹമന്ത്രി എൽ മുരുഗൻ. കോട്ടയത്ത് കേരള കൗമുദി കോട്ടയം യൂണിറ്റിന്റെ രജത ജൂബിലി ആഘോഷമായ രജതോസ്‌വത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യതാല്പര്യത്തിന് അനുസരിച്ചായിരിക്കണം വാർത്തകൾ അവതരിപ്പിക്കേണ്ടതെന്നും അഭിപ്രായസ്വാതന്ത്ര്യം ഉപയോഗിക്കുമ്പോൾ ധാർമികത കൂടി കണക്കിലെടുക്കണമെന്നും ശ്രീ മുരുഗൻ അഭിപ്രായപ്പെട്ടു.

**************************

## INDIA – BIMSTEC

ബിംസ്റ്റെക് രാജ്യങ്ങളിലെ കാൻസർ പരിചരണ ശേഷി വർധിപ്പിക്കുന്നതിനുള്ള പരിപാടിയുടെ രണ്ടാം ഘട്ടത്തിന് രാജ്യത്ത് തുടക്കമായി. വിശാഖപട്ടണത്തുള്ള ടാറ്റ മെമ്മോറിയൽ സെന്ററിന്റെ ഹോമി ഭാഭ കാൻസർ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററിലാണ് പരിപാടിക്ക് തുടക്കമായത്. ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച ഈ സംരംഭത്തിലൂടെ ഇന്ത്യൻ വൈദഗ്ധ്യത്തോടെ, കാൻസർ പരിചരണ മേഖലയിലെ ശേഷി വികസിപ്പിക്കുകയാണ് ലക്ഷ്യം.

**************************

## MIB-WAVE X

പ്രക്ഷേപണ, വിനോദ മേഖലകളിലെ നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിൻ്റെ വേവ് എക്സ്, ഐഐടി ഡൽഹിയിലെ FITT യുമായി ധാരണാപത്രം ഒപ്പുവെച്ചു. ന്യൂഡൽഹിയിലെ ശാസ്ത്രി ഭവനിൽ നടന്ന ചടങ്ങിൽ മന്ത്രാലയ സെക്രട്ടറി സഞ്ജയ് ജാജുവിൻ്റെ സന്നിഹിതനായിരുന്നു. മാധ്യമ, വിനോദ സാങ്കേതിക വിദ്യകളിലെ നവീകരണത്തിനുള്ള പ്രേരകശക്തിയായാണ് വേവ്എക്സ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് ശ്രീ. സഞ്ജയ് ജാജു പറഞ്ഞു.

**************************

## MINORITY AFFAIRS-HAJ

ഈ വർഷത്തെ ഹജ്ജ് മുന്നൊരുക്കങ്ങൾ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയ സെക്രട്ടറി ചന്ദ്ര ശേഖർ കുമാർ വിലയിരുത്തി. സൗദി അറേബ്യയിലെ മദീനയിലുള്ള ഇന്ത്യൻ ഹജ്ജ് ഓഫീസിലെത്തിയ

അദ്ദേഹം തീർത്ഥാടകർക്കായി സജ്ജമാക്കിയ താമസസൗകര്യങ്ങൾ, മെഡിക്കൽ സംവിധാനങ്ങൾ തുടങ്ങിയവ ഉറപ്പാക്കി. ഇന്ത്യയയിൽ നിന്നെത്തുന്ന ഹജ്ജ് തീർത്ഥാടകർക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം അറിയിച്ചു.

**************************

## PRAGATI SPECIAL STORY (INTRO)

രാജ്യത്ത് സമയബന്ധിതമായ പദ്ധതി വികസനം ഉറപ്പാക്കുന്നതിനായി പ്രധാനമന്ത്രി നേരിട്ട് നേതൃത്വം നൽകുന്ന പ്രഗതി സംരംഭം 50-ാമത് യോഗം വിജയകരമായി സംഘടിപ്പിച്ചു കൊണ്ട് സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. 2015-ലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഗതിക്ക് തുടക്കം കുറിച്ചത്. ഹിമാചൽ പ്രദേശിലെ പർബതി-II ജലവൈദ്യുത പദ്ധതിയെക്കുറിച്ചാണ് പ്രഗതിയുടെ മുന്നേറ്റം സംബന്ധിച്ച പ്രത്യേക പരമ്പരയിൽ, ഇന്ന്. **വിശദാംശങ്ങളിലേക്ക്....**

**( വോയിസ്....)**

**************************

## PRAGATI SPECIAL STORY (VOICE)

ഹിമാചൽ പ്രദേശിലെ കുളു ജില്ലയിലെ പർബതി നദിയിൽ NHPC ലിമിറ്റഡ് വികസിപ്പിച്ചെടുത്ത ജലവൈദ്യുത നിലയമാണ് പർബതി- II . പ്രതിവർഷം ഏകദേശം 3,074 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യമിട്ടത്. പദ്ധതിയുടെ നാല് ജനറേറ്റിംഗ് യൂണിറ്റുകളിൽ മൂന്നെണ്ണം കഴിഞ്ഞ വർഷം ഏപ്രിൽ 1 ന് പ്രവർത്തനം ആരംഭിച്ചു. നാലാമത്തെ യൂണിറ്റ് ഏപ്രിൽ 16 നും കമ്മീഷൻ ചെയ്തു. ഇത്തരത്തിൽ പ്രധാന അടിസ്ഥാന സൗകര്യ പദ്ധതികളുടെ സമയബന്ധിത അവലോകനത്തിലൂടെ പ്രഗതി, രാജ്യത്ത് ഭരണപരമായ പരിവർത്തനം സാധ്യമാക്കി. **ന്യൂസ്ഡെസ്ക് ആകാശവാണി.....**

**************************

## Squash

ബിർമിങ്ഹാമിൽ നടക്കുന്ന അണ്ടർ - 19 ബ്രിട്ടീഷ് ജൂനിയർ ഓപ്പൺ സ്ക്വാഷിൽ ഇന്ത്യയുടെ അനാഹട്ട് സിങ് ഫൈനലിൽ. ഈജിപ്ത് താരത്തെയാണ് അനാഹട്ട് സെമിയിൽ

പരാജയപ്പെടുത്തിയത്. ഫൈനലിൽ ഫ്രാൻസിന്റെ ലോറൻ ബാൽട്ടയാനെ നേരിടും.

**************************

## KERALA GOVERNOR

32-ാമത് സ്വദേശി സയൻസ് കോൺഗ്രസിന് ഇന്ന് കാസർഗോഡ് കേന്ദ്ര സർവകലാശാലയിൽ തുടക്കമാകും. വികസിത ഭാരതത്തിനായുള്ള ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം എന്ന വിഷയത്തിൽ നടക്കുന്ന സമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. ഈ മാസം ഒൻപത് വരെയാണ് പരിപാടി. ശാസ്ത്ര മേഖലയിലെ സമഗ്ര സംഭാവനക്ക് സ്വദേശി ശാസ്ത്ര പുരസ്കാരങ്ങൾ സമ്മേളനത്തിൽ സമ്മാനിക്കും.

**************************

## LEGISLATIVE ASSEMBLY BOOK FESTIVAL

വായനയുടെ ഉത്സവമായ കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോൽസവത്തിന്റെ നാലാം പതിപ്പിന് ഇന്ന് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. ബുക്കർ പുരസ്കാര ജേതാവ് ബാനു മുഷ്താഖ് പങ്കെടുക്കുന്ന കെഎൽഐബിഎഫ് ഡയലോഗ് ആണ് ഇന്നത്തെ മുഖ്യ ആകർഷണം. ഈ മാസം 13 വരെയാണ് പുസ്തകോത്സവം.

**************************

## SIR+CM KERALA

കേരളത്തിൽ കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. കരട് വോട്ടർ പട്ടികയിലെ ഹിയറിങ്ങ് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. കേരളത്തിൽ അർഹരായ മുഴുവൻ ആളുകളെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കി.

**************************

## V.K. IBRAHIMKUNJU PASSES AWAY

മുൻ മന്ത്രിയും മുസ്‌ലിംലീഗ് നേതാവുമായ വി.കെ. ഇബ്രാഹിംകുഞ്ഞിന് വിട നൽകാൻ കേരളം. ആലങ്ങാട് ജുമാ മസ്ജിദ് ഖബർസ്ഥാനിൽ ഇന്ന് രാവിലെ

ഖബറടക്കം നടക്കും. അർബുദബാധയെ തുടർന്ന് ഏറെനാളായി ചികിത്സയിലായിരുന്ന അദ്ദേഹം എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെയാണ് അന്തരിച്ചത്. മുഖ്യമന്ത്രി പിണറായി വിജയൻ, കെ.പി.സി.സി അധ്യക്ഷൻ സണ്ണി ജോസഫ് ഉൾപ്പെടെയുള്ളവർ അനുശോചനം രേഖപ്പെടുത്തി.

**************************

## SABARIMALA

ശബരിമല സന്നിധാനത്ത് പ്രതിദിനം ദർശനത്തിനെത്തുന്നത് ഒരു ലക്ഷത്തിലധികം ഭക്തർ. ഇന്നലെ ഒരു ലക്ഷത്തി അയ്യായിരത്തി 680 പേർ ദർശനത്തിനെത്തിയിരുന്നു. മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ശബരിമല നട തുറന്നതിനു ശേഷം ഇതുവരെ ആറര ലക്ഷത്തോളം അയ്യപ്പഭക്തരാണ് സന്നിധാനത്ത് ദർശനത്തിന് എത്തിയത്. ഈ മാസം 14 നാണ് മകരവിളക്ക്.

**********************************************************************************************

*************